II.ഇ. ബി. XII – കേരള നിയമസഭ/XII-2

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ-സംഗ്രഹം

2009 സെപ്റ്റംബർ 9, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

5(*31) ക്രൈംബ്രാഞ്ചിന്റെ പ്രവർത്തനം നവീകരിക്കുന്നതിന് നടപടി.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാല കൃഷ്ണൻ) നൽകിയ മറുപടിയിൽ, 60 ഡിറ്റക്ടീവ് ഇൻസ്പെക്ടർമാരും 37 ഡിവൈ.എസ്.പി.മാരും 12 എസ്.പി മാരും അവരെ സഹായിക്കാൻ ആയിര ത്തോളം ഉദ്യോഗസ്ഥരും സംസ്ഥാന ക്രൈംബാഞ്ചിൽ ഇപ്പോൾ ഉണ്ടെന്ന് സഭയെ അറിയിച്ചു. വിവിധ വിഭാഗം കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ചിൽ ഇപ്പോൾ 1137 കേസുകളിൽ അന്വേഷണം നടന്നുവരുന്നു ണ്ട്. ക്രൈംബ്രാഞ്ചിന്റെ പ്രവർത്തനം സമൂലമായി പരിഷ്ക്കരിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായുള്ള നിർദ്ദേശങ്ങൾ സജീവ പരിഗണ നയിലാണെന്നും ക്രൈംബ്രാഞ്ച് കേസുകളുടെ അന്വേഷണം മൂന്ന് പ്രത്യേക വിഭാഗങ്ങളിലേക്ക് മാറ്റി അവ ഓരോ എസ്.പി.മാരുടെ ചുമതലയിൽ കൊണ്ടുവരാനും അന്വേഷണം ത്വരിതപ്പെടുത്താനും ഉദ്ദേശിക്കുന്നുണ്ട്. കൊലപാതകങ്ങളും ശരീരോപദ്രവങ്ങളും ഉൾപ്പെട്ട കേസ്സുകൾ അന്വേഷി ക്കാൻ 'ഹോമിസൈഡ് ആന്റ് ഹർട്ട് വിംഗ്'; സാമ്പത്തിക കുറ്റകൃത്യങ്ങൾ,

ചതി മുതലായവ അന്വേഷിക്കാൻ സാമ്പത്തിക കുറ്റാന്വേഷണ വിംഗ് അഥവാ -എക്കണോമിക് ഒഫൻസസ് വിംഗ്; കള്ളനോട്ടുകൾ, വിസ തട്ടിപ്പ്, പാസ്പോർട്ട് കേസ്സുകൾ, ജോലി തട്ടിപ്പ് തുടങ്ങിയ കേസുകൾ അന്വേഷിക്കാൻ ഓർഗനൈസ്ഡ് ക്രൈം വിംഗ് എന്നിവയായി ഇപ്പോഴുള്ള യൂണിറ്റുകളെ മാറ്റുന്നതിനുള്ള നിർദ്ദേശം പരിഗണിക്കുന്നതാണ്. വ്യാജനോട്ട് വ്യാപനം തടയുന്നതിനായി പോലീസ് വകുപ്പിനകത്തു തന്നെ പ്രാവീണ്യമുള്ള ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുകയും ഇത്തരം കേസ്സുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ആരാധനാലയങ്ങളിലുണ്ടാകുന്ന കവർച്ചകൾ അന്വേഷിക്കാൻ എറണാകുളം കേന്ദ്രമായി എറണാകുളം എസ്.പി.-യുടെ നേതൃത്വത്തിൽ ഒരു സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. ക്രൈംബ്രാഞ്ചിലേയ്ക്ക് പ്രത്യേക താൽപര്യമുള്ള ഉദ്യോഗസ്ഥരെ സ്ഥിരമായി നിയമിക്കാനുള്ള നിർദ്ദേശം സജീവ പരിഗണനയിലാണ്. ക്രൈംബ്രാഞ്ചിൽ മാത്രമായി ജോലി ചെയ്യാൻ താൽപ്പര്യമുള്ളവർക്കായി സർവ്വീസിൽ പ്രവേശിച്ച ഉടൻ അപേക്ഷ ക്ഷണിക്കുകയും അവർക്ക് പ്രത്യേകമായ പരിശീലനം കൊടുത്ത് അവിടെത്തന്നെ നിലനിർത്തി കേസ്സുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും നല്ല രീതിയിൽ പ്രവർത്തിക്കാത്തവരെ തിരിച്ചയയ്ക്കുന്നതിനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. പ്രധാനമന്ത്രി വിളിച്ചുചേർത്ത മുഖ്യമന്ത്രിമാരുടെയും ആഭ്യന്തരവകുപ്പുമന്ത്രിമാരുടെയും സമ്മേളനത്തിൽ ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ട്. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഡി.ജി.പി.-മാരുടെ കോൺഫറൻസിൽ അന്യസംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ സംബന്ധിച്ച് വിശദമായ ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഇപ്പോൾ ക്രൈംബ്രാഞ്ച് കേസുകൾ ഒരേ ജില്ലയിലെ

തന്നെ വിവിധ മജിസ്ട്രേറ്റ് കോടതികളിൽ വിചാരണയ്ക്ക് വരുന്ന രീതി മാറ്റി ഹൈക്കോടതി നിർദ്ദേശിക്കുന്ന, ജില്ലയിലെ ഏതെങ്കിലും ഒരു കോടതിയെ ചുമതലപ്പെടുത്തുന്നതിനുള്ള നിർദ്ദേശം ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. കുറ്റകൃത്യങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിക്കുന്ന സാഹചര്യത്തിൽ ക്രൈംബ്രാഞ്ചിന്റെ ഏതെങ്കിലും വിംഗിലേയ്ക്ക് ആവശ്യമാണെങ്കിൽ വനിതാ ഓഫീസർമാരെ നിയമിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന അതി ക്രമങ്ങൾ സംബന്ധിച്ച കേസ്സുകൾക്ക് പ്രത്യേക പരിഗണന നൽകി പരിശോധിക്കുന്നതാണ്. സ്വർണ്ണം ആഭരണമാക്കി ജ്വല്ലറികളിൽ കൊണ്ടു പോകുന്ന ആളുകളെ ആക്രമിക്കുകയും സ്വർണ്ണം തട്ടിക്കൊണ്ടുപോകുകയും ചെയ്യുന്നത് സംബന്ധിച്ച കേസ്സുകൾ പോലീസ് പ്രത്യേകമായി പരിശോധിച്ചു വരികയാണ്. ബ്ളേഡ് മാഫിയയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ക്വട്ടേഷൻ സംഘങ്ങളെ അമർച്ച ചെയ്യാൻ നിലവിലുള്ള നിയമമനുസരിച്ച് സ്വീകരിക്കാൻ കഴിയുന്ന എല്ലാ നടപടികളും സ്വീകരിക്കാൻ നിർദ്ദേശം കൊടുക്കുന്നതാണ്. കേരളത്തിൽ നിന്ന് അന്യസംസ്ഥാനങ്ങളിലേയ്ക്ക് കുട്ടികളെ തട്ടിക്കൊണ്ടുപോകുന്ന കേസ്സുകളിന്മേൽ സംഭവം നടന്ന സംസ്ഥാ നവുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്നതോടൊപ്പം ഇവിടെയും കേസന്വേഷണം നടത്തുന്നുണ്ട്. ക്രൈംബ്രാഞ്ചിന് കൊടുക്കുന്ന കേസ്സുകൾ അന്വേഷിക്കുന്നതിനുവേണ്ടി പ്രത്യേകമായി ഓരോ ജില്ലയി ലുമുള്ള യൂണിറ്റിനെ കൂടുതൽ സജ്ജമാക്കുന്നതാണ്. സർവ്വീസിൽ കയറുന്നതിനു മുമ്പു തന്നെ പോലീസുകാർക്ക് പരിശീലനം നൽകുന്നുണ്ട്. പോലീസിൽ ചേർന്നശേഷമുള്ള തുടർ പരിശീലനം സംബന്ധിച്ച് സംസ്ഥാന സർക്കാർ വേണ്ട നടപടികൾ സ്വീകരിച്ചുതുടങ്ങിയിട്ടുണ്ട്. ഓരോ മേഖല

യിലും പ്രവർത്തിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് ആ മേഖലയെക്കുറിച്ച് പ്രാവീണ്യം നൽകുന്നതിനുളള കോഴ്സുകൾ നടത്തുന്നതിനുള്ള നടപടി ഇപ്പോൾ സ്വീകരിക്കുന്നുണ്ട്. ഒരു മാസം അമ്പതോ അറുപതോ കേസ്സുകളെങ്കിലും തീർപ്പ് കൽപ്പിക്കത്തക്കവിധത്തിൽ അന്വേഷണ പുരോഗതി ഉണ്ടാകണമെന്നാണ് ഉന്നതതലയോഗം തീരുമാനിച്ചതെങ്കിലും . ശരാശരി 20 കേസ്സുകൾ മാത്രമേ ഇന്ന് തീർപ്പാക്കാൻ കഴിയുന്നുള്ളൂ. കേസ്സുകൾ വേഗത്തിൽ തീർപ്പാക്കാൻ സമയബന്ധിതമായി നടപടി സ്വീകരിക്കാൻ ക്രൈംബ്രാഞ്ചിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. പോലീസ് ആക്ട് സമഗ്രമായി പരിഷ്ക്കരിക്കാൻ തയ്യാറാക്കിയ ഡ്രാഫ്റ്റ് ബില്ലിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എത്രയും വേഗം നിയമമാക്കാൻ ഉദ്ദേശിക്കുന്നു. കുറ്റാമ്പേഷണം ഫലപ്രദമാക്കുന്നതിന്റെ ഭാഗമായി ഫോറൻസിക് ലാബുകൾ ശാസ്ത്രീയമായി പരിഷ്ക്കരിക്കാനും ശാസ്ത്ര സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ഉദ്യോഗസ്ഥരെ നിയമിക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ക്രിമിനൽ കുറ്റങ്ങൾക്ക് കൂട്ടു നിൽക്കുന്ന പോലീസ് ഉദ്യേഗസ്ഥരെ സർവ്വീസിൽ നിന്ന് പിരിച്ചുവിടാനുള്ള നടപടികളാണ് ഗവണ്മെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. പ്രമാദമായ കേസ്സുകൾ ഫാസ്റ്റ് ട്രാക്ക് കോടതികളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്ന കാര്യത്തെക്കുറിച്ച് ഹൈക്കോടതിയുമായി ആലോചിക്കുന്നതാണ്. ഇന്റലിജൻസ് വിഭാഗം കാര്യക്ഷമമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി സംസ്ഥാനത്ത് ഒരു സൈബർ പോലീസ് സ്റ്റേഷൻ ആരംഭിച്ചിട്ടുണ്ടെന്നും . മൊബൈൽ ഫോൺ ഉപയോഗിച്ചുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും. ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി അറിയിച്ചു.

6(*32) മൽസ്യത്തൊഴിലാളികൾക്കുള്ള ക്ഷേമപ്രവർത്തനങ്ങൾ

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) നൽകിയ മറുപടിയിൽ, മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി പലിശ രഹിത വായ്പ, മൈക്രോ ഫിനാൻസ് വായ്പാ പദ്ധതി, സുനാമി അടിയന്തിര സഹായ പദ്ധതിയും സുനാമി പുനരധിവാസ പദ്ധതിയും വഴിയുള്ള സഹായങ്ങൾ, മൽസ്യബോർഡ് മുഖേനയുള്ള പദ്ധതികൾ, മൽസ്യത്തൊഴിലാളികളുടെ കടൽ സുരക്ഷ-സമഗ്ര കടൽ സുരക്ഷാ പദ്ധതി, മൽസ്യത്തൊഴിലാളി കുടുംബങ്ങൾക്ക് കിലോഗ്രാമിന് രണ്ട് രൂപയ്ക്ക് അരി വിതരണം, മൽസ്യത്തൊഴിലാളി സ്ത്രീകൾക്ക് 1000 ചെറുകിട തൊഴിൽ സംരംഭങ്ങൾ, മൽസ്യത്തൊഴിലാളികളിൽ നിന്നും 9 ഗഡുക്കളായി 600 രൂപ സമാഹരിച്ച് 600 രൂപ സംസ്ഥാന വിഹിതമായും 600 രൂപ കേന്ദ്ര വിഹിതമായും ചേർത്ത് 1800 രൂപ പഞ്ഞമാസങ്ങളിൽ തിരിച്ചു നൽകുന്ന സമ്പാദ്യ സമാശ്വാസ പദ്ധതി, വീടൊന്നിന് 5000 രൂപയുടെ സഹായം അനുവദിക്കുന്ന ദേശീയ മൽസ്യത്തൊഴിലാളി ക്ഷേമനിധിയുടെ സഹായത്തോടെയുള്ള പദ്ധതി, ട്രോളിംഗ് നിരോധന കാലയളവിൽ തൊഴിൽ നഷ്ടപ്പെടുന്ന മൽസ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ, സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന മൽസ്യത്തൊഴിലാളി കുട്ടികൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ, മൽസ്യത്തൊഴിലാളികളെ ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും കടബാധ്യതയിൽ നിന്നും സംരക്ഷണം നൽകുന്നതിന് കടാശ്വാസ കമ്മീഷൻ, 3000 കോടി രൂപയുടെ മൊത്തം അടങ്കൽ പ്രതീക്ഷിക്കുന്ന സമഗ്ര തീരദേശ വികസന പരിപാടി എന്നീ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതായി സഭയെ അറിയിച്ചു. പലിശ

രഹിത വായ്പാ പദ്ധതിപ്രകാരം മത്സ്യത്തൊഴിലാളി വനിതകൾക്ക് 5000 രൂപ വീതം വായ്പ നൽകുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതുവരെ 24180 മത്സ്യത്തൊഴിലാളി വനിതകൾക്ക് 1,209 ലക്ഷം രൂപ വായ്പയായി വിതരണം ചെയ്തു. മൈക്രോ ഫിനാൻസ് വായ്പാ പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികളെയും അവരുടെ കുടുംബാംഗങ്ങളെയും മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ സ്വയംസഹായ ഗ്രൂപ്പുകളായി സംഘടിപ്പിച്ച് മൈക്രോ ഫിനാൻസ് വായ്പകൾ വിതരണം ചെയ്തുവരുന്നു. ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ, ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിൽ നിന്നുള്ള മൈക്രോ ഫിനാൻസ് വായ്പകൾ 8% പലിശ നിരക്കിൽ ലഭ്യമാക്കിവരുന്നു. 11,427 സ്വയംസഹായ ഗ്രൂപ്പുകളിലായി 138094 പേർ അംഗങ്ങളായി കഴിഞ്ഞു. 35 കോടി രൂപ മൈക്രോ ഫിനാൻസ് വായ്പ ഇനത്തിൽ മത്സ്യഫെഡ് വിതരണം ചെയ്തു കഴിഞ്ഞു. മൽസ്യബോർഡ് മുഖേനയുള്ള പദ്ധതികൾപ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യത്തൊഴിലാളി ക്ഷേമപദ്ധതികളിൽ കുടിശ്ശികയായിട്ടുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് ഇതുവരെ 2864.26 ലക്ഷം രൂപയും അനുബന്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ 155.28 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ബോർഡ് നടപ്പിലാക്കിവരുന്ന പദ്ധതികൾ പരിഷ്ക്കരിച്ച് ധനസഹായ തുകയിൽ ഗണ്യമായ വർദ്ധനവ് വരുത്തുന്നതിനും നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളി പെൻഷനും വിധവാ പെൻഷനും 1-4-08 മുതൽ 120/- രൂപയിൽ നിന്ന് 200/- രൂപയായും 1-4-09 മുതൽ 250/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

മത്സ്യബന്ധനോപാധികളായ വള്ളം, എഞ്ചിൻ എന്നിവയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് പ്രീമിയത്തിന്റെ 75% സർക്കാരാണ് വഹിക്കുന്നത്. ഈ പദ്ധതി 2008 ആഗസ്റ്റ് 20 മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യത്തൊഴിലാളികൾക്കായുള്ള 16 ക്ഷേമപദ്ധതികളും മത്സ്യമേഖലയിലെ അനുബന്ധ തൊഴിലാളികൾക്കായുള്ള 10 ക്ഷേമപദ്ധതികളും നടപ്പാക്കി വരുന്നു. മൽസ്യത്തൊഴിലാളികൾക്കുള്ള കടാശ്വാസ കമ്മിഷൻ 23-1-2009-ന് പ്രവർത്തനം ആരംഭിച്ചു. കടാശ്വാസത്തിനായി ലഭിച്ച 107564 അപേക്ഷകളുടെ സൂക്ഷ്മ പരിശോധനയും രജിസ്ട്രേഷനും നടന്നുവരുന്നു. 5-9-2009 വരെ 72,853 അപേക്ഷകളുടെ സൂക്ഷ്മ പരിശോധനയും രജിസ്ട്രേഷനും പൂർത്തിയായി. ന്യൂനതകളുള്ള അപേക്ഷകൾ തിരിച്ചു നൽകി പോരായ്മകൾ തീർത്ത് തിരിച്ചു വാങ്ങുന്നതിന് 10 ജില്ലകളിൽ മത്സ്യത്തൊഴിലാളികൾക്കുള്ള ഹെൽപ്പ് ഡെസ്കുകൾ ഫിഷറീസ് ഡിപ്പാർട്ട്മെന്റ്, മത്സ്യഫെഡ്, മത്സ്യ ബോർഡ്, അഡാക്ക് എന്നീ ഏജൻസികളിലെ ഉദ്യോഗസ്ഥൻമാരുടെ സഹായത്തോടെ ആരംഭിക്കുന്നതാണ്. സംസ്ഥാനത്തൊട്ടാകെ 685 ഹെൽപ്പ് ഡെസ്ക്കുകൾ പ്ലാൻ ചെയ്തിട്ടുണ്ട്. സെപ്റ്റംബർ 24, 25, 26 തീയതികളിലായി തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് ജില്ലകളിലും ഒക്ടോബർ 3, 4, 5 തീയതികളിലായി കൊല്ലം, ആലപ്പുഴ, എറണാകുളം, കണ്ണൂർ, കാസർകോട് ജില്ലകളിലും ഹെൽപ്പ് ഡെസ്ക്കുകൾ പ്ലാൻ ചെയ്തിട്ടുണ്ട്. ഇതിന്റെ വിജയത്തിനായി ട്രേഡ് യൂണിയനുകളുടെ സഹായം തേടുന്നതാണ്. അപേക്ഷകൾ തിരിച്ചുവാങ്ങി പോരായ്മകൾ പരിഹരിച്ച് നവംബർ 1-ന് തന്നെ കടാശ്വാസ ആനുകൂല്യം കൊടുക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. മത്സ്യഫെഡ് വഴി നടപ്പാക്കിയ വായ്പാ പദ്ധ

തിയിൽ 9891 മത്സ്യത്തൊഴിലാളികളുടെ 1,182.60 ലക്ഷം രൂപയുടെ കടബാദ്ധ്യത ഏറ്റെടുക്കുന്നതിന് കടാശ്വാസ കമ്മീഷൻ സമർപ്പിച്ച ശുപാർശ പരിശോധിച്ചുവരുന്നു. മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള കടങ്ങളുടെ റിക്കവറി, ജപ്തി തുടങ്ങിയവയ്ക്ക് സർക്കാർ ഏർപ്പെടുത്തിയ മോറട്ടോറിയം 2-5-09 മുതൽ 6 മാസത്തേയ്ക്കു കൂടി ദീർഘിപ്പിച്ചിട്ടുണ്ട്. ജപ്തിനടപടികൾക്കുള്ള നോട്ടീസ് നൽകിയ സ്ഥാപനങ്ങളുമായി സംസാരിച്ച് സാധ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. എൻ.സി.ഡി.സി യിൽ നിന്നും മത്സ്യഫെഡ് മുഖേന 47608 മത്സ്യത്തൊഴിലാളികൾക്ക് വായ്പയായി നൽകിയ 11,620.44 ലക്ഷം രൂപയുടെ കടബാദ്ധ്യത ഏറ്റെടുക്കുന്ന കാര്യം കമ്മീഷൻ പരിശോധിച്ചുവരുന്നു. റേഷൻ കാർഡിൽ പേര് രേഖപ്പെടുത്തിയിട്ടുള്ള ഉദ്ദേശം 11 ലക്ഷത്തോളം മത്സ്യത്തൊഴിലാളികൾക്ക് ഈ ആനുകൂല്യം ലഭ്യമാകും. കടലിൽ പോകുന്ന മൽസ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി വിഴിഞ്ഞം, നീണ്ടകര, വൈപ്പിൻ, ബേപ്പൂർ, കണ്ണൂർ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ഒരു പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ മറൈൻ എൻഫോഴ്സ്മെന്റിന്റെ കടൽരക്ഷാ പ്രവർത്തനത്തിനും കടൽരക്ഷാ പ്രവർത്തനത്തിന് ജീവൻരക്ഷാ ഉപകരണങ്ങൾ ഘടിപ്പിച്ചിട്ടുള്ള രക്ഷാ ബോട്ടുകൾ വാങ്ങുന്നതിനും സുനാമി പുനരധിവാസ പദ്ധതിയിൽ ആധുനിക ഉപകരണങ്ങൾ ഘടിപ്പിച്ചിട്ടുള്ള 3 റെസ്ക്യൂ ബോട്ടുകൾ വാങ്ങുന്നതിനും എല്ലാ തീരദേശ ജില്ലകളിലുമായി നൂറോളം മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി പ്രത്യേക കടൽരക്ഷാ പ്രവർത്തനത്തിനായി കോസ്റ്റ് ഗാർഡ് മുഖാന്തിരം വിദഗ്ദ്ധ പരിശീലനം നൽകുന്നതിനും 9 തീരദേശ ജില്ലകളിൽ 10 വീതം യോഗ്യരായ മത്സ്യത്തൊഴിലാളികളെ തെരഞ്ഞെടുത്ത് വിവിധ ഏജൻസികളെ ഏകോപിപ്പിച്ചുകൊണ്ട് 45 ദിവസം നീണ്ടുനിൽക്കുന്ന

വിദഗ്ദ്ധ പരിശീലനം നൽകുന്നതിനും കടൽരക്ഷാ പ്രവർത്തനത്തിന് ലൈഫ്ജാക്കറ്റ്, ലൈഫ്ബോയ്, ജി.പി.എസ്, റഡാർ റിഫ്ളക്ടർ, സ്ക്യൂബ, ഹീലിയോഗ്രാഫ്, ഇൻഫ്ളേറ്റബിൾ ബോട്ട് തുടങ്ങിയവ നൽകുന്നതിനും റേഡിയോ ബീക്കൺ, ലൈഫ്ബോയ്, ഹീലിയോഗ്രാഫ്, എമർജൻസി ഫ്ളാഷ് ലൈറ്റ്, കോമ്പസ്, ഫസ്റ്റ് എയ്ഡ് കിറ്റ്, വൈറ്റമിൻ ബിസ്കറ്റ് തുടങ്ങിയവ ഉൾപ്പെടെയുള്ള 7262 സുരക്ഷാ കിറ്റുകൾ മൽസ്യത്തൊഴിലാളികൾക്ക് നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഉൾനാടൻ മൽസ്യ ത്തൊഴിലാളികൾക്ക് ഭീഷണിയായ കുളവാഴ നശീകരണവുമായി ബന്ധപ്പെട്ട് 40 ലക്ഷം രൂപ കണ്ടിജൻസി ഫണ്ടിൽ നിന്ന് അനുവദിക്കുകയും കുറച്ച് കുള വാഴ നീക്കം ചെയ്യാൻ നടപടി സ്വീകരിക്കുകയും ചെയ്തു. കാർഷിക സർവ്വ കലാശാലയിലേയും ഫിഷറീസ് സെക്ടറിലേയും ശാസ്ത്രജ്ഞർ അടങ്ങുന്ന പ്രത്യേക ഗ്രൂപ്പ് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചുകഴിഞ്ഞുവെന്നും ഇതിന് കേന്ദ്ര അനുവാദം ലഭ്യമായശേഷം ശാശ്വത പരിഹാര നടപടികൾ സ്വീകരി ക്കുന്നതാണെന്നും മൽസ്യത്തൊഴിലാളി ക്ഷേമ സെസ്സിന്റെ കാര്യത്തിൽ കൂടുതൽ നിയമപരമായിട്ടുള്ള ഉപദേശം തേടിയശേഷം ആവശ്യമായ നിയമ സംരക്ഷണം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും മൽസ്യത്തൊ ഴിലാളികളുടെ ഭവനനിർമ്മാണ വായ്പ 1 ലക്ഷം രൂപയാക്കി ഉയർത്തണ മെന്നും മൽസ്യത്തൊഴിലാളികൾക്ക് പ്രത്യേകമായി മണ്ണെണ്ണ ക്വാട്ട അനുവദി ക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും മൽസ്യ സംസ്ക്കരണത്തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ച ശേഷം പരിശോധിച്ച് സത്വര നടപടികൾ

സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് ഉത്തരമായി മന്ത്രി വ്യക്തമാക്കി.

. (നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 177 മുതൽ 388 വരെയുള്ള ചോദ്യങ്ങളിൽ 110 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)